**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3470** **02-03-2023 - ൽ മറുപടിയ്ക്ക്**

**റബർ വിലയിടിവ് തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റബർ വിലയിടിവ് മൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | റബ്ബർ കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതിയ്ക്ക് 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | റബർ വിലസ്ഥിരതാ ഫണ്ട് ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവില 170/-രൂപയിൽ നിന്നും 250/-രൂപയായി ഉയർത്തുന്നതിന് സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് 24/12/2022-ലെ DO.No.AGRI-893/Min/2022-AGRI നം. കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനുകൂലമായ മറുപടി ലഭ്യമായിട്ടില്ല. |
| (സി) | റബർ വില ഇടിയാനുണ്ടായ കാരണം എന്തെന്ന് വിശദമക്കാമോ; വിലത്തകർച്ച തടയാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | കേന്ദ്രസർക്കാരിന്റെ റബ്ബർ ഇറക്കുമതി / കയറ്റുമതി നയങ്ങളാണ് റബ്ബർ വില ഇടിയാനുണ്ടായ പ്രധാന കാരണം. സ്വാഭാവിക റബ്ബറിന്റെയും ലാറ്റക്സിന്റേയും ഡിമാന്റ് കുറഞ്ഞതും ഇറക്കുമതി/ സ്റ്റോക്ക് കൂടിയതും വിലയിടിവിന് കാരണമായിട്ടുണ്ട്. റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച റബ്ബർ കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട് .<br><br>2022-23 സാമ്പത്തിക വർഷം 16.02.2023 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേക്ക് |

| | | | |
|---|---|---|---|
| | | | സമർപ്പിച്ച മുഴുവൻ അപേക്ഷകളിന്മേൽ ആകെ 33.195 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ